കൊല്ലം ജില്ലകളിൽ മത്സ്യബന്ധന യാനങ്ങളിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 66 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതിയും ഈ വർഷം നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുന്നു. നെയ്യാർഡാമിലെ അക്വേറിയം കോംപ്ലക്സിന്റെ നിർമ്മാണം, സാറ്റലൈറ്റ് ഫാമിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ, മലമ്പുഴ അക്വേറിയം കോംപ്ലക്സ് എന്നിവയുടെ നിർമ്മാണ മേൽനോട്ടം വഹിക്കുന്നതും കോർപ്പറേഷനാണ്. കൂടാതെ 5 കോടി രൂപ ചെലവ് വരുന്ന 7 ഫ്രെഡഫിഷ് യൂണിറ്റുകളുടെയും എറണാകുളം ജില്ലയിൽ ബ്രോഡ്വേയിൽ 150 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ആധുനിക മത്സ്യമാർക്കറ്റിന്റേയും നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ദേശീയ മത്സ്യവികസന ബോർഡിന്റെ പരിഗണനയിലാണ്.

ശബരിമലയിൽ ഈ തീർത്ഥാടന കാലത്ത് വിവിധ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പുതിയ സംവിധാനങ്ങൾ

24(*54) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ശബരിമലയിൽ ഈ തീർത്ഥാടനകാലത്ത് എത്തുന്ന തീർത്ഥാടകരുടെ വിവിധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) പമ്പയിൽ ഓക്സിജൻ പാർലറുകൾ സ്ഥാപിക്കാനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ;

(സി) ഇപ്പോൾ ഈ സംവിധാനം ശബരിമലയിൽ എവിടെയൊക്കെയാണ് നിലവിലുള്ളത്;

(ഡി) തീർത്ഥാടനത്തിനിടെ ഹൃദ്രോഗബാധിതരാകുന്നവർക്ക് യഥാസമയം മതിയായ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിന് സന്നിധാനത്തും പരിസര പ്രദേശങ്ങളിലും ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ എന്തൊക്കെ സംവിധാനങ്ങളാണ് ഈ വർഷം പുതിയതായി ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) തീർത്ഥാടകർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെയും മറ്റ് അയൽ സംസ്ഥാനങ്ങളുടെയും എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ,

(എ) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് സന്നിധാനത്തുനിന്നും മാളികപ്പുറത്തേക്കുള്ള ഫ്ളൈ ഓവറിൽ മേൽക്കൂര നിർമ്മിച്ചു. പമ്പയിൽ അയ്യപ്പൻമാർക്ക് വിരിവയ്ക്കുന്നതിനും വിശ്രമിക്കുന്നതിനുംവേണ്ടി 20000 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള ഒരു പന്തൽ നിർമ്മിച്ചു. പമ്പാതാഗത പാതയിൽ അപ്പാച്ചിമേട് ഭാഗത്ത് കഠിനമായ കയറ്റം കുറച്ച് പാത കോൺക്രീറ്റ് ചെയ്ത് പടികളും ബാരിക്കേഡുകളും നിർമ്മിച്ചു. പമ്പ-നിലയ്ക്കൽ, ശബരിമല എന്നിവിടങ്ങളിൽ 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്റർ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പ് മുൻവർഷങ്ങളെക്കാൾ കൂടുതൽ സൗകര്യങ്ങൾ ഈ വർഷം ഒരുക്കിയിട്ടുണ്ട്. ആധുനിക ജീവൻരക്ഷാ ആംബുലൻസ് 2 എണ്ണം കൂടി (നിലവിലുള്ള 12 എണ്ണം കൂടാതെ) ഏർപ്പെടുത്തിയിട്ടുണ്ട്. ടി ആംബുലൻസിൽ ജീവൻ രക്ഷിക്കാനുള്ള അത്യാധുനിക യന്ത്ര സാമഗ്രികൾ ഘടിപ്പിച്ചിട്ടുണ്ട്. മല കയറുമ്പോൾ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന തീർത്ഥാടകർക്ക് ഓക്സിജൻ നൽകുന്നതിനായി പമ്പ മുതൽ സന്നിധാനം വരെ 11 സ്ഥലങ്ങളിൽ ഓക്സിജൻ പാർലറുകൾ പ്രവർത്തിച്ചുവരുന്നു. ഈ വർഷം തീർത്ഥാടകരുടെ സൗകര്യാർത്ഥം അവയുടെ സ്ഥാനം പുനർ നിർണ്ണയിച്ചിട്ടുണ്ട്. കൂടാതെ ഈ വർഷം മുതൽ ഓക്സിജൻ പാർലറുകളിൽ വിശ്രമത്തിനും വിദഗ്ദ്ധ ഉപദേശം നൽകുന്നതിനും സംവിധാനം ഏർപ്പെടുത്തി. ഇതിനാവശ്യമായ പരിശീലനം ലഭിച്ച വോളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ട്. പമ്പ, നീലിമല, താഴ്വാരം, അപ്പാച്ചിമേട്, ടോപ്പ് എന്നിവിടങ്ങളിൽ 3 പോർട്ടബിൾ അനൗൺസ്മെന്റ് സിസ്റ്റം ഉപയോഗിച്ച് തീർത്ഥാടകർക്ക് ആരോഗ്യ ബോധവൽക്കരണം നടത്തിവരുന്നു. മലകയറുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് തീർത്ഥാടകരെ ബോധവൽക്കരിക്കുന്നതിനു വേണ്ടി 6 ഭാഷകളിലുള്ള ബാനറുകൾ, ബോർഡുകൾ എന്നിവ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ സി.റ്റി. സ്കാനർ സ്ഥാപിച്ച് പ്രവർത്തനം സജ്ജമാക്കുവാൻ വേണ്ട നടപടി പൂർത്തിയായിട്ടുണ്ട്.

(ബി) പൂർത്തിയായിട്ടുണ്ട്. പമ്പയിൽ സർക്കാർ ആശുപത്രിയിലും മാതാ അമൃതാനന്ദമയി മഠത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രിയിലും ഓക്സിജൻ നൽകുന്നതിന് സംവിധാനമുണ്ട്.

(സി) പമ്പമുതൽ സന്നിധാനം വരെ 11 സ്ഥലങ്ങളിൽ ഓക്സിജൻ പാർലറുകൾ നിലവിലുണ്ട്. ശബരിമലയിൽ സർക്കാർ ആശുപത്രിയിലും, സൗജന്യ സേവനം നൽകുന്ന സഹകാര്യ ആശുപത്രികളിലും ഓക്സിജൻ നൽകുന്നതിനുള്ള സംവിധാനം ലഭ്യമാണ്.

(ഡി) സന്നിധാനം, അപ്പാച്ചിമേട്, നീലിമല, പമ്പ ആശുപത്രികളോടനുബന്ധിച്ച് അത്യാധുനിക സംവിധാനങ്ങളോടുകൂടിയ കാർഡിയോളജി ഇന്റൻസീവ് കെയർ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ, ആവശ്യമായ മരുന്നുകൾ, കാർഡിയോളജിസ്റ്റുകളുടെ സേവനം എന്നിവ ഉറപ്പ് വരുത്തിയിട്ടുണ്ട്. മലകയറുന്നതിനിടയ്ക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നവരെ അടിയന്തിരമായി കാർഡിയോളജി സെന്ററുകളിൽ എത്തിക്കുന്നതിനുവേണ്ടി സ്ട്രക്ച്ചറുകൾ ഏർപ്പെടുത്തുകയും അവ ചുമക്കുന്നതിന് വോളന്റിയർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം രോഗികൾക്ക് അടിയന്തിര സഹായത്തിനായി ഓക്സിജൻ പാർലറുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. പമ്പയിലും സന്നിധാനത്തും അലോപ്പതി, ആയുർവ്വേദം, ഹോമിയോ എന്നീ വിഭാഗങ്ങളിൽ ആശുപത്രികൾ പ്രവർത്തിച്ചുവരുന്നു.

(ഇ) ദുരിതനിവാരണ സേന, ധ്രുതകർമ്മസേന, അന്യ സംസ്ഥാന പോലീസ് എന്നിവരുടെ സേവനങ്ങളും റെയിൽവേ ബുക്കിംഗ് കൗണ്ടർ, അന്യ സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുടെ ബുക്കിംഗ് കൗണ്ടർ എന്നിവയും തുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly